**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 168** **09-02-2023 - ൽ മറുപടിയ്ക്ക്**

**ശബരി റെയിൽപാത നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അങ്കമാലി-അഴുത ശബരി റെയിൽപാതയുടെ നിർമ്മാണം പുനരാരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | അങ്കമാലി -ശബരി റെയിൽവേ പദ്ധതി നിർഘനീഭവിപ്പിക്കുന്നതിന് (De-freeze) കേന്ദ്ര റെയിൽവേ മന്ത്രിക്ക് മുഖ്യമന്ത്രി തലത്തിലും റെയിൽവേയുടെ ചുമതലയുള്ള മന്ത്രിതലത്തിലും കത്തയച്ചിട്ടുണ്ട്. കൂടാതെ 17.08.2022-ന് ബഹു.കേന്ദ്ര റെയിൽവേ മന്ത്രിയുമായി നടത്തിയ കൂടിക്കാഴ്ചയിൽ അങ്കമാലി -ശബരി ഉൾപ്പെടെയുള്ള പദ്ധതികൾ ചർച്ച ചെയ്തിരുന്നു. പ്രസ്തുത ചർച്ചയെ ആസ്പദമാക്കി ചീഫ് സെക്രട്ടറി റെയിൽവേ ബോർഡ് ചെയർമാന് പദ്ധതിയുടെ അംഗീകാരം വേഗത്തിലാക്കണമെന്ന് ആവശ്യപ്പെട്ട കൊണ്ട് കത്ത് നൽകുകയും ചെയ്തു. തുടർന്ന് 2023-24 കേന്ദ്ര ബജറ്റിൽ പദ്ധതിക്ക് മതിയായ തുക വകയിരുത്തി പിങ്ക് ബുക്കിൽ ഉൾക്കൊള്ളിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രി കേന്ദ്ര റെയിൽവേ മന്ത്രിക്കു കത്ത് നൽകിയിരുന്നു. സംസ്ഥാന സർക്കാരിന്റെ നിരന്തര ഇടപെടലിന്റെ ഫലമായി 2023-24 ലെ ബജറ്റിൽ ഉൾപ്പെടുത്തുകയും ആയതിന് 100 കോടി രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പാതയുടെ നിർമ്മാണത്തിനായി അടങ്കൽതുകയുടെ അൻപത് ശതമാനമായ രണ്ടായിരം കോടി രൂപ സംസ്ഥാന സർക്കാർ വഹിക്കുമെന്ന നയപ്രഖ്യാപന പ്രസംഗത്തിലെ ഉറപ്പ് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | റെയിൽവേയുടെ ആവശ്യ പ്രകാരം പദ്ധതി ചെലവിന്റെ 50 ശതമാനം തുകയായ 2815 കോടി രൂപ സംസ്ഥാനം വഹിക്കുന്നതാണെന്ന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും അക്കാര്യം റെയിൽവേ ബോർഡിനെ അറിയിക്കുകയും ചെയ്തു. |
| (സി) | പ്രസ്തുത പാതയുടെ പൂർത്തീകരണം സംബന്ധിച്ച് കെ-റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ തയാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (സി) | പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാനം വഹിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനും ഡി.പി.ആർ തയ്യാറാക്കി സമർപ്പിക്കുന്നതിനും റെയിൽവേ ബോർഡ്കെ-റെയിലിനെ നിർദ്ദേശിച്ചിരുന്നു. ഈ സംബന്ധിച്ച്, |

| | | | |
|---|---|---|---|
| | | | ലിഡാർ സർവ്വേ പൂർത്തിയാക്കുകയും അങ്കമാലി - എരുമേലി- ശബരി പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ്, ഡി.പി.ആർ എന്നിവ പൂർത്തീകരിച്ചു കൊണ്ട് റെയിൽവേക്ക് തുടർ നടപടികൾക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ദക്ഷിണ റെയിൽവേ ഈ പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും റിപ്പോർട്ട് റെയിൽവേ ബോർഡിനു 21.07.2022 നു സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>തുടർന്ന് 14.11.2022 നു പദ്ധതിയുടെ ഡി.പി.ആർ, വിശദ എസ്റ്റിമേറ്റ് എന്നിവ ചർച്ച ചെയ്യുന്നതിനായി റെയിൽവേ ബോർഡ് ഗതി ശക്തി വിഭാഗം കെ.ആർ.ഡി.സി.എൽ അധികൃതരുമായി ഒരു യോഗം ചേരുകയുണ്ടായി. പ്രസ്തുത യോഗത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ എസ്റ്റിമേറ്റ് 23.12.2022നു റെയിൽവേക്കു പുനഃസമർപ്പിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് ദക്ഷിണ റെയിൽവേ 10.01.2023 ന് തുടർ നടപടികൾക്കായി റെയിൽവേ ബോർഡിനു സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ഡി) | റെയിൽവേയുടെ നിർദ്ദേശ പ്രകാരമാണ് ഭൂമി ഏറ്റെടുക്കൽ നടപടികൾ സർക്കാർ നിർത്തിവച്ചത്. തുടർ നിർദ്ദേശം ലഭിക്കുന്നതനുസരിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഇ) | എറണാകുളം ജില്ലയിലെ സ്മാർട്ട് സിറ്റി, ഇൻഫോപാർക്ക് തുടങ്ങിയ തൊഴിലധിഷ്ഠിത മേഖലകളുമായി തൊടുപുഴ, മൂവാറ്റുപുഴ, കോതമംഗലം എന്നീ മേഖലകളെ ബന്ധിപ്പിക്കുവാൻ വേണ്ട മാറ്റങ്ങൾ ശബരി പാതയിൽ വരുത്തുവാനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | റെയിൽവേ ബോർഡ് പദ്ധതി അംഗീകരിക്കുന്ന മുറക്ക് ഫസ്റ്റ് & ലാസ്റ്റ് മൈൽ കണക്ടിവിറ്റി വിഭാവനം ചെയ്യുവാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ